പതിനാലാം കേരളനിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1340** — **03.10.2016-ൽ മറുപടിക്ക്**

**ഇന്ത്യൻ പീനൽകോഡ് വകുപ്പ് ദുരുപയോഗം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | ഇന്ത്യൻ പീനൽകോഡ് 498A-യുടെ ദുരുപയോഗം ചെറുക്കുന്നതിന സുപ്രീംകോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ പീനൽകോഡ് 498A-യുടെ ദുരുപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ 02.10.2012-ൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കുലർ 28/2012 പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം 'അനുബന്ധം I' ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ വകുപ്പ് പ്രകാരമുള്ള ആട്ടോമാറ്റിക് അറസ്റ്റ് പാടില്ല എന്ന സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | 498A വകുപ്പ് പ്രകാരമുള്ള ആട്ടോമാറ്റിക് അറസ്റ്റ് പാടില്ല എന്നും ടി വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ ഇതിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്ന സാഹചര്യം ബോദ്ധ്യപ്പെട്ട് കഴിഞ്ഞാൽ അന്വേഷണ ഉദ്യോഗസ്ഥൻ CrPC പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ അറസ്റ്റ് ചെയ്യുവാൻ പാടുള്ളു എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 16.03.2011-ൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കുലർ നം.07/2011 പ്രകാരവും 13.08.2014-ൽ 20/2014 പ്രകാരവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം യഥാക്രമം അനുബന്ധം 2 ഉം അനുബന്ധം 3 ഉം ആയി ചേർത്തിരിക്കുന്നു. |
| (സി) | 498-എ പ്രകാരം വ്യാജ പരാതികൾ വർദ്ധിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ